"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇടുക്കി ജില്ലാ പഞ്ചായത്ത്- 2019- 20 വാർഷിക പദ്ധതി അന്തിമമാക്കുന്നതിന് സ്പിൽ ഓവർ പദ്ധതികളുടെ മുഴുവൻ തുകയും ലഭിക്കുന്നതിനായിനിയമനടപടിയുമായി മുന്നോട്ട് പോകമെന്ന ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ 18.06.2019 -ലെ ഭരണ സമിതി യോഗത്തിലെ 1(1) നമ്പർ തീരുമാനത്തിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിന് മുന്നോടിയായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ഓംബുഡ്സ്മാന് വിഷയം റഫർ ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്

**സ.ഉ.(സാധാ) നം.1547/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 20/08/2020

പരാമർശം:- 1 15.05.2019 ലെ സ.ഉ.(സാധാ) നം. 990/2019 /ത.സ്വ.ഭ.വ. ഉത്തരവ്

2 12.06.2019 ലെ സ.ഉ.(സാധാ.) നം. 1209/2019/ത.സ്വ.ഭ.വ ഉത്തരവ്

3 ഇടുക്കി ജില്ലാ പഞ്ചായത്ത് ഭരണ സമിതിയുടെ 18.06.2019 -ലെ യോഗത്തിലെ 1(1) -ാം നമ്പർ തീരുമാനം

4 ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 10.07.2019 തീയതിയിലെ ഐ.ഡി.പി/ എ 2/2219/19 നമ്പർ കത്ത്

5 24.08.2019 ലെ സ.ഉ.(സാധാ.) നം. 1826/2019/ത.സ്വ.ഭ.വ ഉത്തരവ്

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2019-20 വർഷത്തെ സ്പിൽ ഓവർ പദ്ധതികൾ ഏറ്റെടുക്കുന്നതിന് പരാമർശം (1), (2) എന്നിവ പ്രകാരം നിർദ്ദേശം നൽകിയിരുന്നു. ആയത് പ്രകാരം സ്പിൽ ഓവർ പദ്ധതികൾ കൂടി ഉൾപ്പെടുത്തി 2019-20 പദ്ധതി അന്തിമമാക്കി അംഗീകാരം വാങ്ങുന്നതിനുള്ള സമയപരിധി 28.06.2019 ആയിരുന്നെങ്കിലും മുഴുവൻ സ്പിൽ ഓവർ പദ്ധതികൾക്കും തുക ലഭിച്ചെങ്കിൽ മാത്രമേ പദ്ധതി അന്തിമമാക്കാൻ സാധിക്കൂ എന്ന നിലപാടിൽ ജില്ലാ പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുക്കുകയുണ്ടായി. തുടർന്ന് പരാമർശം (3) പ്രകാരം സ്പിൽ ഓവർ തുക ലഭിക്കുന്നതിനായി ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യാൻ തീരുമാനമെടുത്ത വിവരം പരാമർശം (4) പ്രകാരം ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിരുന്നു. ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ പ്രസ്തുത തീരുമാനം താൽകാലികമായി നിർത്തി വയ്ക്കുന്നതിന് പരാമർശം (5) പ്രകാരം ഉത്തരവായിരുന്നു.

ഈ സാഹചര്യത്തിൽ കേരള പഞ്ചായത്ത് രാജ് നിയമം 191 (2) പ്രകാരം ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ 18.06.2019 -ലെ യോഗത്തിലെ 1(1) -ാം നമ്പർ തീരുമാനംസംബന്ധിച്ച വിഷയം നിയമപ്രകാരമുള്ള നടപടികൾ കൈക്കൊള്ളുന്നതിനും, നിഗമനങ്ങൾ സർക്കാരിലേയ്ക്ക് അറിയിക്കുന്നതിനുമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാന് റഫർ ചെയ്തുകൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സുനിത ഐ

ഡെപ്യൂട്ടിസെക്രട്ടറി

ബഹു .തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ഓംബുഡ്സ്മാൻ, സാഫല്യം കോംപ്ലക്സ്, മൂന്നാം നില, യൂണിവേഴ്സിറ്റി പി.ഒ., പാളയം, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

സെക്രട്ടറി. ഇടുക്കി ജില്ലാ പഞ്ചായത്ത്.

ധനകാര്യ വകുപ്പ്

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഡയറക്ടർ, വിവര-പൊതുജനസമ്പർക്ക വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Signature valid

Digitally signed by S NDU
Date: 2020.08.20 :52:44 IST
Reason: Approved